# 1 തിമൊഥെയോസ്

1 നമ്മുടെ രക്ഷകനായ ദൈവത്തിൻെറയും
നമ്മുടെ പ്രത്യാശയായ ക്രിസ്തുയേശു
വിൻെറയും കല്പനയാൽ അപ്പൊസ്തലനായ
പൗലൊസ് എന്ന ഞാൻ 2വിശ്വാസത്തിൽ
എൻെറ വിശ്വസ്തപുത്രനായ തിമൊഥെ
യോസിന് എഴുതുന്നത്:
പിതാവായ ദൈവത്തിൽനിന്നും നമ്മുടെ
കർത്താവായ ക്രിസ്തുയേശുവിൽനിന്നും
നിനക്കു കൃപയും കരുണയും സമാധാനവും
ഉണ്ടാകട്ടെ.

*വ്യാജോപദേഷ്ടാക്കന്മാരെപ്പറ്റി മുന്നറിയിപ്പ്*

3ഞാൻ മാസിഡോണിയയ്ക്കു പോയപ്പോൾ
നിന്നോട് ആവശ്യപ്പെട്ടിരുന്നതുപോലെ, നീ എ
ഫെസൊസിൽ താമസിക്കുക. 4വ്യത്യസ്തമാ
യ ഉപദേശങ്ങൾ പഠിപ്പിക്കരുതെന്നും വിശ്വാ
സത്തിലുള്ള ദൈവികപരിശീലനത്തിനല്ല, തർ
ക്കങ്ങൾക്കുമാത്രം ഉതകുന്ന കെട്ടുകഥകളെയും
അന്തമറ്റ വംശാവലികളെയും ശ്രദ്ധിക്ക
രുതെന്നും ചിലരോട് ആജ്ഞാപിക്കുവാനാണ്
അവിടെ താമസിക്കേണ്ടത്. 5ആജ്ഞയുടെ ഉ
ദ്ദേശ്യമോ, ശുദ്ധഹൃദയം, നല്ല മനസ്സാക്ഷി,
ആത്മാർത്ഥവിശ്വാസം ഇവയിൽനിന്നുളവാ
കുന്ന സ്നേഹംതന്നേ. 6ചിലർ ഇവയിൽ
നിന്നകന്നു വഴിതെറ്റി, വ്യർത്ഥവാദങ്ങളിൽ
ഏർപ്പെട്ടു ന്യായപ്രമാണം പഠിപ്പിക്കുന്നവരാകു
വാൻ ആഗ്രഹിക്കുന്നു; 7തങ്ങൾ പറയുന്നതോ
സ്ഥാപിക്കുന്നതോ എന്താണെന്ന് അവർക്കു
തന്നേ അറിഞ്ഞുകൂടാ.
8ന്യായോചിതമായി പ്രയോഗിക്കുന്നുവെ
ങ്കിൽ ന്യായപ്രമാണം നല്ലതുതന്നെയെന്നു നമു
ക്കറിയാം. 9നീതിമാന്മാർക്കുവേണ്ടിയല്ല,
പിന്നെയോ അധർമ്മികൾ, അനുസരണം
കെട്ടവർ, അഭക്തർ, പാപികൾ, അശുദ്ധർ,
അനാത്മികർ, പിതൃഹന്താക്കൾ, മാതൃഹന്താ
ക്കൾ, കൊലപാതകർ, 10ദുർവൃത്തർ, സ്വവർഗ്ഗ
ഭോഗികൾ, നരാപഹാരികൾ, വ്യാജഭാഷകർ,
കള്ളസത്യം ചെയ്യുന്നവർ എന്നിവരെയും
പത്ഥ്യോപദേശവിരുദ്ധമായ മറ്റെല്ലാക്കാര്യങ്ങ
ളെയും ഉദ്ദേശിച്ചത്രേ ന്യായപ്രമാണം ഏർ
പ്പെടുത്തിയിട്ടുള്ളത്. 11വാഴ്ത്തപ്പെട്ട ദൈവം എ
ന്നെ ഭരമേല്പിച്ചിരിക്കുന്ന തേജസ്സുള്ള സു
വിശേഷത്തിന് അനുരൂപമായിട്ടുള്ളതാണ് ഈ
പത്ഥ്യോപദേശം.

*പൗലൊസിനു ലഭിച്ച ദൈവകൃപ*

12എനിക്കു ശക്തി നല്കി, എന്നെ വിശ്വ
സ്തനായി പരിഗണിച്ച് തൻെറ ശുശ്രൂഷയ്ക്കു
നിയോഗിച്ച നമ്മുടെ കർത്താവായ
ക്രിസ്തുയേശുവിനെ ഞാൻ സ്തുതിക്കുന്നു.
13മുമ്പ് ഞാൻ ദൈവദൂഷകനും പീഡകനും നി
ഷ്ഠുരനും ആയിരുന്നു; എങ്കിലും അവിശ്വാ
സത്തിൽ അറിവില്ലാതെ പ്രവർത്തിച്ചതാ
യതുകൊണ്ട് എനിക്കു കരുണ ലഭിച്ചു.
14നമ്മുടെ കർത്താവിൻെറ കൃപ ക്രിസ്തുയേശു
വിലുള്ള വിശ്വാസത്തോടും സ്നേഹത്തോടും
കൂടെ എന്നിലേക്കു കവിഞ്ഞൊഴുകിയിരി
ക്കുന്നു.
15ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോ
കത്തിൽ വന്നു എന്നതു വിശ്വാസ്യവും തികച്ചും
അംഗീകാരയോഗ്യവും ആയ വചനമാകുന്നു.
ആ പാപികളിൽ ഞാൻ ഒന്നാമൻ. 16എന്നിട്ടും,
ക്രിസ്തുയേശുവിൽ വിശ്വസിച്ചു നിത്യജീവൻ
പ്രാപിക്കുന്നവർക്ക് ഒരു ദൃഷ്ടാന്തമായി, പാപി
കളിൽ ഒന്നാമനായ എന്നിൽ തൻെറ അളവി
ല്ലാത്ത ദീർഘക്ഷമ കാണിക്കേണ്ടതിന് എനി
ക്കു കരുണ ലഭിച്ചു. 17നിത്യരാജാവും,
അക്ഷയനും, അദൃശ്യനുമായ ഏകദൈവത്തി
ന് എന്നെന്നേക്കും ബഹുമാനവും മഹത്ത്വവും
ഉണ്ടാകട്ടെ, ആമേൻ.
18മകനേ, തിമൊഥെയോസേ, നിന്നെക്കുറി
ച്ചു മുമ്പുണ്ടായ പ്രവചനങ്ങൾക്ക് അനുസൃതമാ
യി ഈ നിർദ്ദേശം ഞാൻ നിനക്കു നല്കുന്നു.
19വിശ്വാസവും നല്ല മനസ്സാക്ഷിയും ഉള്ളവനാ
യി അവയ്ക്കൊത്തവണ്ണം നീ നന്നായി പോരാ
ടുക. ചിലർ നല്ല മനസ്സാക്ഷി ഉപേക്ഷിച്ച്
അവരുടെ വിശ്വാസക്കപ്പൽ തകർത്തുകളഞ്ഞു.

20ഹൂമനയൊസും അലക്സാണ്ടറും ഇക്കൂ
ട്ടത്തിൽപ്പെട്ടവരാണ്. അവർ ദൈവദൂഷണം
പറയാതിരിക്കാൻ പഠിക്കേണ്ടതിനു ഞാൻ അവ
രെ സാത്താന് ഏല്പിച്ചുകൊടുത്തിരിക്കുന്നു.

*പ്രാർത്ഥനയും ആരാധനയും*

2 എല്ലാവർക്കുവേണ്ടിയും, തികഞ്ഞ
ഭക്തിയോടും വിശുദ്ധിയോടുംകൂടെ സമാ
ധാനവും ശാന്തതയുമുള്ള ജീവിതം നയിക്കു
വാൻ സാധിക്കേണ്ടതിനു 2വിശേഷാൽ രാജാ
ക്കൻമാർക്കും എല്ലാ അധികാരസ്ഥൻമാർക്കും
വേണ്ടിയും അപേക്ഷകളും പ്രാർത്ഥനകളും മധ്യ
സ്ഥതയും സ്തോത്രവും അർപ്പിക്കണമെന്നു
ഞാൻ എല്ലാറ്റിനുംമുമ്പേ നിങ്ങളെ പ്രബോധി
പ്പിക്കുന്നു. 3ഇതു നല്ലതും നമ്മുടെ രക്ഷിതാവാ
യ ദൈവത്തിൻെറ മുമ്പിൽ സ്വീകാര്യവുമാണ്.
4സകല മനുഷ്യരും രക്ഷിക്കപ്പെടണമെന്നും
സത്യത്തിൻെറ പരിജ്ഞാനത്തിൽ എത്തി
ച്ചേരണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു.
5ദൈവം ഏകൻ; ദൈവത്തിനും മനുഷ്യർക്കും
മധ്യസ്ഥനും ഏകൻമാത്രം; 6എല്ലാവർ
ക്കുംവേണ്ടി വീണ്ടെടുപ്പുവിലയായി സ്വയം അർ
പ്പിച്ച മനുഷ്യനായ ക്രിസ്തു യേശുതന്നെ. ഈ
സാക്ഷ്യം തക്കസമയത്തു നല്കപ്പെട്ടു.

7ഇത് അറിയിക്കുന്നതിനായി എന്നെ പ്രസം
ഗകനായും അപ്പൊസ്തലനായും വിജാതീ
യർക്ക് വിശ്വാസത്തിലും സത്യത്തിലും പ്രബോ
ധകനായും നിയോഗിച്ചിരിക്കുന്നു. ഞാൻ
പറയുന്നത് സത്യമാണ്; വ്യാജമല്ല.

8അതുകൊണ്ട് കോപവും വാഗ്വാദവും വെടി
ഞ്ഞ് പുരുഷൻമാർ എല്ലായിടത്തും വിശു
ദ്ധകരങ്ങൾ ഉയർത്തി പ്രാർത്ഥിക്കണമെന്നു
ഞാൻ ആഗ്രഹിക്കുന്നു.

9അതുപോലെ സ്ത്രീകളും ശാലീനതയോടും
വിവേകത്തോടുംകൂടെ ഉചിതമായി വസ്ത്രധാ
രണം ചെയ്യണം. 10പിന്നിയ മുടി, സ്വർണ്ണം,
മുത്ത്, വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല,
ദൈവഭക്തിയുള്ള സ്ത്രീകൾക്ക് യോഗ്യമായവി
ധം സൽപ്രവൃത്തികളെക്കൊണ്ട് അവർ തങ്ങ
ളെത്തന്നേ അലങ്കരിക്കേണ്ടതാകുന്നു.

11സ്ത്രീ ശാന്തതയോടെ ഇരുന്ന് പൂർണ്ണ
വിധേയത്വത്തോടെ പഠിക്കട്ടെ. 12ശാന്തമായി
രിപ്പാനല്ലാതെ പഠിപ്പിക്കുന്നതിനോ പുരു
ഷൻെറമേൽ അധികാരം നടത്തുന്നതിനോ
ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല; 13ആദാം
ആദ്യം സൃഷ്ടിക്കപ്പെട്ടു; പിന്നെ ഹവ്വാ. 14വഞ്ചി
ക്കപ്പെട്ടത് ആദാം അല്ല, സ്ത്രീയത്രേ വഞ്ചിതയാ
യി, ലംഘനത്തിൽ അകപ്പെട്ടത്. 15എന്നാൽ
സ്ത്രീകൾ വിശ്വാസത്തിലും സ്നേഹത്തിലും
വിശുദ്ധിയിലും സംയമശീലത്തോടെ തു
ടരുന്നുവെങ്കിൽ മക്കൾക്കു ജൻമം
നല്കുന്നതിൽ സംരക്ഷിക്കപ്പെടും.

*അധ്യക്ഷരും ശുശ്രൂഷകരും*

3 ഇതു വിശ്വാസയോഗ്യമായ പ്രസ്താ
വനയാണ്: ഒരാൾ അധ്യക്ഷസ്ഥാനം
കാംക്ഷിക്കുന്നുവെങ്കിൽ നല്ല വേല ആഗ്രഹി
ക്കുന്നു. 2അധ്യക്ഷൻ അപവാദരഹിതനും,
ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും
വിവേകശാലിയും സുശീലനും അതിഥി
പ്രിയനും പഠിപ്പിക്കുവാൻ കഴിവുള്ളവനും ആയി
രിക്കണം. 3മദ്യപ്രിയനോ അക്രമാസക്തനോ
ആയിരിക്കരുത്; ശാന്തനും കലഹിക്കാത്തവനും
ദ്രവ്യാഗ്രഹമില്ലാത്തവനും ആയിരിക്കണം. 4കു
ടുംബകാര്യങ്ങൾ നന്നായി നോക്കുന്നവനും മക്ക
ളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ
വളർത്തുന്നവനും ആയിരിക്കണം. 5സ്വന്തകു
ടുംബം നിയന്ത്രിക്കുവാൻ അറിയാത്തവൻ
ദൈവസഭയെ എങ്ങനെ പരിപാലിക്കും? 6നി
ഗളം ബാധിച്ച് പിശാചിനുണ്ടായ ശിക്ഷാവിധി
യിൽ വീണുപോകാതിരിപ്പാൻ അയാൾ പുതു
തായി വിശ്വാസത്തിലേക്കുവന്നവനും ആയിരി
ക്കരുത്. 7അപമാനത്തിലും പിശാചിൻെറ
കെണിയിലും അകപ്പെട്ടുപോകാതിരിക്കേണ്ടതി
ന് അയാൾ പുറത്തുള്ളവരിൽനിന്നു നല്ല സാ
ക്ഷ്യം പ്രാപിച്ചവനും ആയിരിക്കണം.

8ശുശ്രൂഷകരും അതുപോലെതന്നേ ബഹു
മാന്യരായിരിക്കണം. വാക്കുമാറുന്നവരോ മദ്യാ
സക്തരോ ദുർലാഭമോഹികളോ അരുത്. 9നിർ
മ്മലമനസ്സാക്ഷിയിൽ വിശ്വാസത്തിൻെറ മർമ്മം
സൂക്ഷിക്കുന്നവരായിരിക്കണം അവർ. 10അവ
രെ ആദ്യം പരീക്ഷിക്കണം; കുറ്റമറ്റവരെന്നു
കണ്ടാൽ അവർ ശുശ്രൂഷകർ ആകട്ടെ.

11അതുപോലെതന്നേ, അവരുടെ ഭാര്യമാരും
ബഹുമാന്യരായിരിക്കണം. അവർ ഏഷണി
പറയാത്തവരും സംയമശീലരും എല്ലാറ്റിലും വി
ശ്വസ്തരുമായിരിക്കട്ടെ.

12ശുശ്രൂഷകർ ഏകഭാര്യയുടെ ഭർത്താക്ക
ൻമാരും മക്കളെയും കുടുംബത്തെയും നന്നായി
പാലിക്കുന്നവരും ആയിരിക്കട്ടെ. 13തങ്ങളുടെ
ശുശ്രൂഷയോഗ്യമായി നിറവേറ്റിയിട്ടുള്ളവർക്കു
നല്ല ബഹുമതിയും ക്രിസ്തുയേശുവിലുള്ള വി
ശ്വാസത്തിൽ വളരെ പ്രാഗത്ഭ്യവും ഉണ്ട്.

14വേഗത്തിൽ നിൻെറ അടുക്കൽ വരാമെന്ന്
ഞാൻ ആശിക്കുന്നു. 15താമസം നേരി
ടുന്നുവെങ്കിലോ, സത്യത്തിൻെറ തൂണും അടി
സ്ഥാനവുമായി, ജീവനുള്ള ദൈവത്തിൻെറ
സഭയാകുന്ന ദൈവഭവനത്തിൽ ഒരാൾ
എങ്ങനെ പെരുമാറണമെന്നു നീ അറിയേണ്ടതി
ന് ഞാൻ ഈ നിർദ്ദേശങ്ങൾ എഴുതുന്നു.

16അവിടുന്ന് ജഡത്തിൽ വെളിപ്പെട്ടു, ആത്മാ
വിൽ നീതീകരിക്കപ്പെട്ടു, ദൂതൻമാർക്കു പ്രത്യ

ക്ഷനായി, വിജാതീയരുടെ ഇടയിൽ പ്രസംഗി
ക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു,
തേജസ്സിൽ എടുക്കപ്പെട്ടു: ദൈവഭക്തിയുടെ
ഈ മർമ്മം സർവ്വസമ്മതമാംവിധം മഹത്ത്വമു
ള്ളതാണ്.

*തിമൊഥെയോസിനുള്ള നിർദ്ദേശങ്ങൾ*

4 എന്നാൽ ഭാവികാലത്ത് കപടാത്മാക്ക
ളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും
ശ്രദ്ധിച്ച് ചിലർ വിശ്വാസം ത്യജിക്കും എന്ന്
ആത്മാവ് വ്യക്തമായി പറയുന്നു. 2അത്തരം
ഉപദേശങ്ങൾ പ്രചരിക്കുന്നതു ഭോഷ്കു പറ
യുന്നവരുടെ കാപട്യംനിമിത്തമാണ്. അവരുടെ
മനസ്സാക്ഷി ചുട്ടുപഴുത്ത ഇരുമ്പിനാൽ കത്തി
ക്കരിഞ്ഞതുപോലെ ആയിരിക്കുന്നു. 3അവർ
വിവാഹം വിലക്കുകയും സത്യത്തിൻെറ പരി
ജ്ഞാനം ലഭിച്ചിട്ടുള്ള വിശ്വാസികൾ സ്തോത്ര
ത്തോടെ അനുഭവിക്കുവാൻദൈവം സൃഷ്ടിച്ച
ഭോജ്യങ്ങൾ വർജ്ജിക്കുവാൻ അവരോടു കല്പി
ക്കുകയും ചെയ്യും. 4ദൈവം സൃഷ്ടിച്ചവയെല്ലാം
നല്ലതുതന്നേ; സ്തോത്രത്തോടെ അനുഭവി
ക്കുന്നുവെങ്കിൽ ഒന്നും വർജ്ജിക്കേണ്ടതല്ല;
5ദൈവവചനത്താലും പ്രാർത്ഥനയാലും അതു
വിശുദ്ധീകരിക്കപ്പെടുന്നുവല്ലോ.
6ഈ കാര്യങ്ങൾ സഹോദരർക്കു മനസ്സി
ലാക്കിക്കൊടുത്താൽ വിശ്വാസത്തിൻെറ
വചനത്താലും നീ അനുസരിച്ചു പോന്നിട്ടുള്ള
പഥ്യോപദേശത്താലും പോഷിപ്പിക്കപ്പെട്ട് നീ
ക്രിസ്തുയേശുവിൻെറ ഉത്തമശുശ്രൂഷക
നാകും. 7ഭക്തിവിരുദ്ധമായ കെട്ടുകഥകളെ ഒഴി
വാക്കി, ദൈവഭക്തിയിൽ അഭ്യസനം തേടുക.
8കായികാഭ്യാസം അല്പംമാത്രം പ്രയോജനമു
ള്ളതാണ്; ദൈവഭക്തിയോ ഇപ്പോഴുള്ളതും
വരുവാനുള്ളതുമായ ജീവിതത്തെക്കുറിച്ചുള്ള
വാഗ്ദാനങ്ങളുള്ളതാകയാൽ സകലകാര്യങ്ങ
ളെയും സംബന്ധിച്ച് പ്രയോജനമുള്ളതാണ്.
9ഇതു തികച്ചും അംഗീകാരയോഗ്യവും വിശ്വ
സനീയവുമായ വചനമാണ്:10സകല മനുഷ്യ
രുടെയും, പ്രത്യേകിച്ചു വിശ്വാസികളുടെയും
രക്ഷിതാവായ, ജീവനുള്ള ദൈവത്തിൽ
ഞങ്ങൾ പ്രത്യാശവച്ചിരിക്കുന്നു- ഇതിനായി
ട്ടത്രേ ഞങ്ങൾ അധ്വാനിക്കുന്നതും പോരാ
ടുന്നതും.
11ഈ കാര്യങ്ങൾ നീ ആജ്ഞാപിക്കുകയും
ഉപദേശിക്കുകയുംചെയ്യുക. 12നിൻെറയൗവ്വനം
ആരും പുച്ഛരിക്കുവാൻ ഇടയാക്കരുത്. പിന്നെ
യോ വാക്കിലും പെരുമാറ്റത്തിലും സ്നേഹത്തി
ലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാ
സികൾക്കു മാതൃകയായിരിക്കണം. 13ഞാൻ
വരുന്നതുവരെ തിരുവചനം വായിച്ചു കേൾപ്പി
ക്കുന്നതിലും പ്രബോധിപ്പിക്കുന്നതിലും പഠിപ്പി
ക്കുന്നതിലും ശ്രദ്ധിക്കുക. 14മൂപ്പന്മാർചേർന്നു
നിൻെറമേൽ കൈവച്ചപ്പോൾ പ്രവചനത്താൽ
നിനക്കു ലഭിച്ച കൃപാവരം അവഗണിക്കരുത്.
15ഇവയെല്ലാം ശ്രദ്ധിക്കുക; ഇവയ്ക്കായി സ്വ
യം അർപ്പിക്കുക; അങ്ങനെ നിൻെറ പുരോഗതി
എല്ലാവരും കാണ്മാൻ ഇടയാകട്ടെ. 16നിന്നെ
ത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊ
ള്ളുക. അവയിൽ നിലനില്ക്കുക. അങ്ങനെ
ചെയ്താൽ നീ നിന്നെയും നിൻെറ ശ്രോതാക്ക
ളെയും രക്ഷിക്കും.

*വിധവമാർ, മൂപ്പന്മാർ*

5 പ്രായംചെന്നവനെ ശകാരിക്കാതെ, പി
താവിനെ എന്നപോലെ പ്രബോധിപ്പി
ക്കുക. 2പ്രായംകുറഞ്ഞ പുരുഷന്മാരെ സ
ഹോദരന്മാരെപ്പോലെയും പ്രായംചെന്ന സ്ത്രീ
കളെ അമ്മമാരെപ്പോലെയും ഇളയസ്ത്രീകളെ
പൂർണ്ണനിർമ്മലതയോടെ സഹോദരിമാരെ
പ്പോലെയും കരുതി പ്രബോധിപ്പിക്കണം.
3സാക്ഷാൽ വിധവമാരായിരിക്കുന്ന വി
ധവമാരെ മാനിക്കുക. 4എന്നാൽ ഒരു വി
ധവയ്ക്കു മക്കളോ കൊച്ചുമക്കളോ ഉണ്ടെങ്കിൽ
അവർ സ്വന്തകുടുംബത്തിൽതന്നേ ദൈവഭക്തി
പ്രായോഗികമാക്കി തങ്ങളുടെ മാതാപിതാ
ക്കൾക്കു പ്രത്യുപകാരം ചെയ്യുവാൻ പഠിക്കട്ടെ.
ഇതു ദൈവദൃഷ്ടിയിൽ സ്വീകാര്യമാണ്.
5യഥാർത്ഥത്തിൽ വിധവയും ഏകാകിനിയുമാ
യവൾ ദൈവത്തിൽ പ്രത്യാശ അർപ്പിച്ചുകൊണ്ടു
രാപ്പകൽ യാചനയിലും പ്രാർത്ഥനയിലും തുട
രുന്നു. 6എന്നാൽ ഭോഗാസക്തയായി ജീവി
ക്കുന്ന വിധവ ജീവിച്ചിരിക്കെത്തന്നേ മരി
ച്ചവളാണ്. 7വിധവമാർ അപവാദരഹിതരായി
രിക്കേണ്ടതിന് ഇവ നീ ആജ്ഞാപിക്കുക.
8ബന്ധുക്കൾക്കും പ്രത്യേകിച്ച് കുടുംബാം
ഗങ്ങൾക്കുംവേണ്ടി കരുതാത്തവൻ വിശ്വാസം
വെടിഞ്ഞവനും അവിശ്വാസിയെക്കാൾ
അധമനുമാണ്.
9അറുപതു വയസ്സിൽ കുറയാതെ പ്രായമു
ള്ളവളും ഏകഭർത്താവിൻെറ ഭാര്യയായി
രുന്നവളും, 10കുഞ്ഞുങ്ങളെ വളർത്തുക, അതി
ഥികളെ സൽക്കരിക്കുക, വിശുദ്ധരുടെ പാദ
ങ്ങൾ കഴുകുക, പ്രയാസത്തിൽ കഴിയുന്നവരെ
സഹായിക്കുക തുടങ്ങിയ സൽക്കർമ്മങ്ങളാൽ
കീർത്തി നേടിയവളുമായ വിധവയെ മാത്രമേ
വിധവമാരുടെ പട്ടികയിൽ ഉൾപ്പെടുത്താവൂ.
11പ്രായംകുറഞ്ഞ വിധവമാരെ ആ കൂട്ടത്തിൽ
നിന്ന് ഒഴിവാക്കുക. അവർ ക്രിസ്തുവിനെതിരാ
യി ഭോഗാസക്തിക്കു വിധേയരാകുമ്പോൾ
വിവാഹം ചെയ്യുവാൻ ആഗ്രഹിക്കും. 12അങ്ങ
നെ ആദ്യപ്രതിജ്ഞ ലംഘിക്കയാൽ അവർ
കുറ്റക്കാരായിത്തീരും. 13അവർ അലസരായി,

വീടുതോറും നടന്നു മിനക്കെടുക മാത്രമല്ല,
വായാടികളായി അരുതാത്തതു സംസാരിച്ചു
കൊണ്ട് പരകാര്യപ്രസക്തരായിത്തീരുകയും
ചെയ്യും. 14അതിനാൽ പ്രായംകുറഞ്ഞവർ, പു
നർവിവാഹം ചെയ്ത് അമ്മമാരായും കുടുംബ
കാര്യങ്ങൾ നടത്തിയുംകൊണ്ട്, ശത്രുവിന് അപ
വാദത്തിനുള്ള അവസരം ഒട്ടും കൊടുക്കാതിരി
ക്കണമെന്നു ഞാൻ ഇച്ഛിക്കുന്നു. 15ചിലർ,
ഇപ്പോൾത്തന്നെ സാത്താന്റെ പിന്നാലെ പോ
യിക്കഴിഞ്ഞിരിക്കുന്നു. 16ഒരു വിശ്വാസിനിക്ക്
കുടുംബത്തിൽ വിധവമാരുണ്ടെങ്കിൽ അവൾത
ന്നെ അവരെ സഹായിക്കണം. സഭയെ ഭാരപ്പെടു
ത്തരുത്. അങ്ങനെയെങ്കിൽ, യഥാർത്ഥത്തിൽ
ബുദ്ധിമുട്ട് അനുഭവിക്കുന്ന വിധവമാരെ സഹാ
യിക്കാൻ സഭയ്ക്കു സാധിക്കുമല്ലോ.

17നന്നായി സഭാപരിപാലനം നടത്തുന്ന മൂ
പ്പന്മാരെ, പ്രത്യേകിച്ചും വചനത്തിന്റെ പ്രബോ
ധനത്തിലും ഉപദേശത്തിലും അധ്വാനിക്കുന്ന
വരെ ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണണം.
18'മെതിക്കുന്ന കാളയ്ക്കു മുഖക്കൊട്ട കെട്ടരു
ത്,'[a] എന്നും 'വേലക്കാരൻ തന്റെ കൂലിക്കു
യോഗ്യൻ'[b]എന്നും തിരുവെഴുത്തു പറയുന്നുവ
ല്ലോ. 19രണ്ടോ മൂന്നോ സാക്ഷികൾ കൂടാതെ
ഒരു മൂപ്പനെതിരേ ആരോപണം സ്വീകരിക്കരു
ത്. 20പാപത്തിൽ തുടരുന്നവരെ പരസ്യമായി
ശാസിക്കണം. മറ്റുള്ളവർ അതുകേട്ട് ഭയപ്പെട
ട്ടെ. 21നീ മുഖപക്ഷം കൂടാതെ പ്രവർത്തിക്കണ
മെന്നും മുൻവിധികൂടാതെ ഈ നിർദ്ദേശങ്ങൾ
പാലിക്കണമെന്നും ഞാൻ ദൈവത്തെയും ക്രി
സ്തുയേശുവിനെയും ശ്രേഷ്ഠദൂതന്മാരെയും
സാക്ഷിയാക്കി നിന്നോടു കല്പിക്കുന്നു.

22കൈവയ്പു നടത്തുന്നതിൽ തിടുക്കം കാ
ട്ടരുത്. അന്യരുടെ പാപങ്ങളിൽ പങ്കാളിയാവു
കയും അരുത്. നിന്നെത്തന്നേ നിർമ്മലനായി
കാത്തുകൊള്ളുക.

23നിന്റെ ഉദരാസ്വാസ്ഥ്യവും കൂടെക്കൂടെയു
ള്ള അസുഖങ്ങളുംനിമിത്തം മേലാൽ വെള്ളം
മാത്രം കുടിക്കാതെ അല്പം വീഞ്ഞും ഉപയോ
ഗിച്ചുകൊള്ളുക.

24ചിലരുടെ പാപങ്ങൾ അവർക്കുമുമ്പേ ന്യാ
യവിധിക്കായി എത്തുന്നു; അവ അത്ര പ്രകടമാ
ണ്. മറ്റു ചിലരുടെ പാപങ്ങളോ അവരെ പിന്തു
ടരുന്നതേയുള്ളൂ. 25അതുപോലെ സൽപ്രവൃ
ത്തികളും പ്രകടമാണ്; പ്രകടമല്ലാത്തവയും
മറഞ്ഞിരിക്കുകയില്ല.

*അടിമകൾ*

6 അടിമനുകത്തിൻ കീഴിലുള്ളവരൊ
ക്കെയും ദൈവനാമവും ഉപദേശവും ദുഷി
ക്കപ്പെടാതിരിപ്പാൻ തങ്ങളുടെ യജമാനന്മാരെ
പൂർണ്ണബഹുമാനത്തിനു യോഗ്യരായി
കരുതേണ്ടതാകുന്നു.

2വിശ്വാസികളായ യജമാനന്മാർ ഉള്ളവർ
'അവർ സഹോദരന്മാരാണല്ലോ' എന്നുവച്ച്
അവരോട് അനാദരവു കാണിക്കരുത്. എന്നാൽ
തങ്ങളുടെ സേവനത്തിന്റെ പ്രയോജനം അനു
ഭവിക്കുന്നവർ വിശ്വാസികളും പ്രിയപ്പെട്ടവരു
മാകയാൽ അവരെ കൂടുതൽ മെച്ചമായി സേവി
ക്കുകയാണു വേണ്ടത്. ഈ കാര്യങ്ങൾ നീ പഠി
പ്പിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുക.

*ദ്രവ്യാഗ്രഹം*

3നമ്മുടെ കർത്താവായ യേശുക്രിസ്തു
വിന്റെ ഉൽകൃഷ്ടമായ വചനങ്ങളും ഭക്തിക്കു
യോജിച്ച ഉപദേശവും സ്വീകരിക്കാതെ 4വ്യ
ത്യസ്തമായി ഉപദേശിക്കുന്നവൻ അഹങ്കരിച്ച്
തിരിച്ചറിവില്ലാത്തവനായിത്തീർന്നിരിക്കുന്നു.
അയാൾ തർക്കവിഷയങ്ങളിലും വാക്കുക
ളെക്കുറിച്ചുള്ള വിവാദങ്ങളിലും ദുർവാസന പു
ലർത്തുന്നവനാണ്. തൽഫലമായി അസൂയ,
ഭിന്നത, ദൂഷണം, ദുസ്സംശയം, ദുർബ്ബുദ്ധികളും,
5സത്യത്യാഗികളുമായ മനുഷ്യർ തമ്മിലുള്ള വാ
ദകോലാഹലം എന്നിവ ഉണ്ടാകുന്നു; അവർ
ദൈവഭക്തിയെ ഒരു ആദായമാർഗ്ഗമായി കരു
തുന്നു.

6എന്നാൽ സംതൃപ്തിയോടുകൂടിയ ദൈവ
ഭക്തി വലിയ ആദായംതന്നെ. 7ഈ ലോകത്തി
ലേക്കു നാം ഒന്നും കൊണ്ടുവന്നില്ല. ഇവിടെ
നിന്നു നമുക്ക് ഒന്നും കൊണ്ടുപോകാനും കഴി
യുന്നതല്ല. 8ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ
അതുകൊണ്ടു നമുക്കു തൃപ്തിപ്പെടാം. 9ധനി
കരാകുവാൻ ആഗ്രഹിക്കുന്നവർ പ്രലോഭന
ത്തിലും കെണിയിലും കുടുങ്ങി, തകർച്ചയിലും
നാശത്തിലും മനുഷ്യരെ മുക്കിക്കളയുന്ന
ബുദ്ധിഹീനവും ദോഷകരവുമായ മോഹങ്ങ
ളിൽ വീണുപോകുന്നു. 10ദ്രവ്യാഗ്രഹം സകല
വിധ ദോഷങ്ങളുടെയും വേരാണ്. ചിലർ ദ്രവ്യം
മോഹിച്ചിട്ട്, വിശ്വാസത്തിൽനിന്നു വഴിതെറ്റി
പ്പോവുകയും ദാരുണവേദനകൾക്ക് അധീ
നരാകുകയും ചെയ്തിരിക്കുന്നു.

*വിശ്വാസത്തിന്റെ നല്ല പോരാട്ടം*

11എന്നാൽ ദൈവത്തിന്റെ മനുഷ്യാ, നീ
ഇവയിൽനിന്ന് ഓടിയകലുക. നീതി, ഭക്തി, വി
ശ്വാസം, സ്നേഹം, സഹിഷ്ണുത, സൗമ്യത
എന്നിവ പിന്തുടരുക. 12വിശ്വാസത്തിന്റെ നല്ല
പോർ പൊരുതുക. നിത്യജീവനെ മുറുകെപ്പിടി
ക്കുക; അതിനായി നീ വിളിക്കപ്പെടുകയും അ
നേകസാക്ഷികളുടെ മുമ്പിൽ ആ കാര്യം ഏറ്റു
പറയുകയും ചെയ്തിട്ടുണ്ടല്ലോ. 13നമ്മുടെ

[a] 18 ആവർത്തനം 25:4 [b] 18 ലൂക്കൊസ് 10:7

കർത്താവായ യേശുക്രിസ്തുവിൻെറ പ്രത്യ
ക്ഷതവരെ നീ ഈ കല്പനകൾ നിഷ്കളങ്കമാ
യും നിരാക്ഷേപമായും പ്രമാണിച്ചുകൊള്ളണ
മെന്നു 14സകലത്തെയും ജീവിപ്പിക്കുന്ന ദൈവ
ത്തെയും പൊന്തിയൊസ് പീലാത്തോസിൻെറ
മുമ്പിൽ നല്ല സാക്ഷ്യം നിർവ്വഹിച്ച ക്രിസ്തുയേ
ശുവിനെയും സാക്ഷിയാക്കി ഞാൻ നിന്നോട്
ആജ്ഞാപിക്കുന്നു.

15വാഴ്ത്തപ്പെട്ട ഏകാധിപതിയും രാജാധിരാ
ജാവും കർത്താധികർത്താവും 16താൻമാത്രം
അമർത്യതയുള്ളവനും അടുത്തുകൂടാത്ത പ്രകാ
ശത്തിൽ വസിക്കുന്നവനും മനുഷ്യരാരും കണ്ടി
ട്ടില്ലാത്തവനും ആർക്കും കാണാൻ കഴി
യാത്തവനുമായ ദൈവം തക്കസമയത്ത് ആ
പ്രത്യക്ഷത വരുത്തും. അവിടുത്തേക്കു ബഹു
മാനവും ശക്തിയും എന്നേക്കും ഉണ്ടായിരിക്ക
ട്ടെ. ആമേൻ.

17ഈ ലോകത്തിലെ ധനികരോട്, അഹങ്കാ
രികളായിരിക്കരുതെന്നും അനിശ്ചിതമായ
സമ്പത്തിലല്ല, നമുക്ക് അനുഭവിപ്പാൻ ആവശ്യ
മായതെല്ലാം ധാരാളമായി തരുന്ന ദൈവത്തിൽ
തന്നേ പ്രത്യാശ വയ്ക്കണമെന്നും നീ ആജ്ഞാ
പിക്കുക. 18നന്മ ചെയ്യുവാനും സുകൃതങ്ങളിൽ
സമ്പന്നരാകുവാനും തങ്ങൾക്കുള്ളത് ഔദാ
ര്യത്തോടെ പങ്കുവയ്ക്കുവാൻ സന്നദ്ധത കാ
ണിക്കുവാനും അവരെ ഉദ്ബോധിപ്പിക്കുക.
19അങ്ങനെ ചെയ്താൽ യഥാർത്ഥജീവൻ അ
വകാശമാക്കുവാൻ തക്കവണ്ണം ഭാവിയിലേക്ക്
ഉറപ്പുള്ള അടിസ്ഥാനമാകുന്ന നിക്ഷേപം
സംഗ്രഹിച്ചു വയ്ക്കാൻ അവർക്കു സാധിക്കും.

20അല്ലയോ തിമൊഥെയോസേ, നിന്നെ ഭര
മേല്പിച്ചിട്ടുള്ളതു സൂക്ഷിച്ചുകൊള്ളുക. ഭക്തി
വിരുദ്ധമായ വ്യർത്ഥജല്പനങ്ങളും ജ്ഞാനം
എന്നു വ്യാജമായി പറയപ്പെടുന്ന വിരുദ്ധ
വാദങ്ങളും ഉപേക്ഷിക്കുക. 21ചിലർ ഈ
ജ്ഞാനം സ്വീകരിച്ചിട്ടു വിശ്വാസംവിട്ട് തെറ്റി
പ്പോയിരിക്കുന്നു.

കൃപ നിന്നോടുകൂടെ ഇരിക്കുമാറാകട്ടെ.